**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 912** **05.03.2018-ൽ മറുപടിക്ക്**

## നിലമ്പൂർ മണ്ഡലത്തിലെ പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി.അൻവർ** | **ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) നിലമ്പൂർ മണ്ഡലത്തിലെ ബലക്ഷയം സംഭവിച്ച പാലങ്ങളായ കരിയൻതോട് പാലം, തണ്ണിക്കടവ് പാലം, കരുടിതോട് പാലം എന്നിവ അടിയന്തരമായി പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇവ ഓരോന്നും സംബന്ധിച്ച ഫയൽ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) നിലമ്പൂർ മണ്ഡലത്തിലെ ബലക്ഷയം സംഭവിച്ച കരിയൻതോട് പാലം, തണ്ണിക്കടവ് പാലം, കരുടിതോട് പാലം എന്നിവ പുനർ നിർമ്മിക്കേണ്ട പാലങ്ങളുടെ സർക്കാർ അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ മൂന്ന് പാലങ്ങളുടെയും നിർമ്മാണത്തിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) നിലമ്പൂർ മണ്ഡലത്തിലെ മൂട്ടിക്കടവ് പാലം, വഴിക്കടവ് പഞ്ചായത്തിലെ മുക്രാംപൊട്ടി പാലം എന്നീ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി പ്രവൃത്തികൾ എത്രയും വേഗം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) നിലമ്പൂർ മണ്ഡലത്തിലെ മൂട്ടിക്കടവ് പാലം, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ഡിസൈൻ പൂർത്തിയായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയെങ്കിൽ മാത്രമെ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. വഴിക്കടവ് പഞ്ചായത്തിലെ മുക്രാംപെട്ടി പാലത്തിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് നൽകുന്നതിനായി മഞ്ചേരി നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

S. Bindu
സെക്ഷൻ ഓഫീസർ